# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *238 — 12.03.2020 -ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ. എം. നൗഷാദ് :<br>ശ്രീ. വി. ജോയി : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ ആകെ വായ്പയുടെ നാല്പത് ശതമാനവും ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം നൽകാൻ സാധ്യമായ വിധം സ്ഥാപനത്തിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ; | (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ 25 വർഷക്കാലയളവിനുള്ളിൽ നൽകിയ ആകെ വായ്പയുടെ 46% ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നൽകിയിട്ടുണ്ട്. ഇപ്രകാരം കോർപ്പറേഷന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. പുതിയ 14 ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും അതിൽ 7 ഓഫീസുകൾ ആരംഭിക്കുകയും ചെയ്തതോടെ വിദൂര സ്ഥലങ്ങളിലുള്ള ഗുണഭോക്താക്കൾക്ക് എളുപ്പത്തിൽ ഓഫീസിൽ എത്തിച്ചേരാനും കാലതാമസമില്ലാതെ അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനും കോർപ്പറേഷന് സാധിച്ചു.<br><br>2. ഓൺലൈൻ സംവിധാനം വിപുലമാക്കിയതോടെ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാനും SMS അലെർട്ട് സംവിധാനം വഴി റിക്കവറി കൂടുതൽ മെച്ചപ്പെടുത്തുവാനും സാധിച്ചു.<br><br>3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകൾ വഴിയുള്ള തിരിച്ചടവ് സൗകര്യം ജനങ്ങൾക്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുവാനും അതുവഴി കോർപ്പറേഷന്റെ റിക്കവറി വർദ്ധിപ്പിക്കുന്നതിനും സഹായകമായി. |

(.....2)

4. വായ്പാ നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുകയും കുടുംബ വാർഷിക വരുമാന പരിധി 1.20 ലക്ഷത്തിൽ നിന്നും 3.00 ലക്ഷമാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

5. കുടുംബശ്രീ സി.ഡി.എസ്സുകൾ വഴി നൽകി വരുന്ന മൈക്രോ ക്രെഡിറ്റ് വായ്പാ തുകയുടെ പരിധി ഉയർത്തുകയും 2 കോടി രൂപ വരെ ഒരു സി.ഡി.എസ്സ്-ന് ലഭ്യമാക്കുകയും ചെയ്തു.

6. ദേശീയ കോർപ്പറേഷനുകൾക്ക് യഥാസമയം ഗ്യാരന്റി ലഭ്യമാക്കി കൂടുതൽ വായ്പ എടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയുണ്ടായി.

(ബി) കോർപ്പറേഷന് പിന്നോക്ക വിഭാഗ വികസനത്തിൽ രാജ്യത്ത് ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് പുരസ്കാരം ലഭിച്ചിരുന്നോ എന്നറിയിക്കാമോ ;

(ബി) ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ (NBCFDC) 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും മികച്ച സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസികൾക്കുള്ള രജത ജൂബിലി പുരസ്കാരം.

2. ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ (NBCFDC) C.S.R. പദ്ധതി പ്രകാരം പദ്ധതി നിർവ്വഹണത്തിനുള്ള എക്സലൻസ് അവാർഡ്.

3. 2018-19 സാമ്പത്തിക വർഷത്തെ ഇന്ത്യയിലെ ഏറ്റവും മികച്ച പദ്ധതി നിർവ്വഹണ ഏജൻസിക്കുള്ള ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ (NBCFDC) പുരസ്കാരം.

4. ഫ്യൂച്ചർ കേരളയുടെ 2018 വർഷത്തെ "Most Responsible Social Brand in Kerala" അവാർഡ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കോടി രൂപയുടെ വായ്പ വിതരണം ചെയ്തുവെന്നതിന്റെയും എത്ര പേർക്ക് അതിന്റെ പ്രയോജനം ലഭ്യമായെന്നതിന്റെയും കണക്ക് ലഭ്യമാണോ ?

(സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നാളിതുവരെ 1,73,630 ഗുണഭോക്താക്കൾക്കായി 1700 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ